**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2131** **05-02-2026 - ൽ മറുപടിയ്ക്ക്**

**കൈപ്പമംഗലം മണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൈപ്പമംഗലം മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന മതിലകം, കൈപ്പമംഗലം പോലീസ് സ്റ്റേഷനുകളിൽ 2016 മുതൽ നാളിതുവരെ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ ഏതെല്ലാമാണ് എന്നതിന്റെ വിശദമായ റിപ്പോർട്ട് നൽകാമോ; | (എ) | 2016 മുതൽ നാളിതു വരെ മതിലകം, കയ്പമംഗലം പോലീസ് സ്റ്റേഷനുകളിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**മതിലകം പോലീസ് സ്റ്റേഷൻ**<br><br>1) സ്റ്റേറ്റ് പ്ലാൻ സ്കീം 2018-19 പ്രകാരം "Modernization of Police department സ്കീമിൽ" Ramps & disabled friendly Police Station നു വേണ്ടി 4 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും Ramp & disabled friendly toilets എന്നിവയുടെ നിർമ്മാണം നടത്തിയിട്ടുമുണ്ട്.<br>2) സ്റ്റേറ്റ് പ്ലാൻ സ്കീം 2020-21 പ്രകാരം "Strengthening of Police Stations" എന്ന സ്കീമിൽ ഫർണിച്ചർ വാങ്ങുന്നതിനായി ഒരു ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും, ആയതുപയോഗിച്ച് സ്റ്റേഷന് ആവശ്യമായ ഫർണിച്ചർ വാങ്ങിയിട്ടുമുണ്ട്.<br>3) 2021-22 സ്റ്റേറ്റ് പ്ലാൻ സ്കീം പ്രകാരം താഴെപ്പറയുന്ന സ്കീം/പ്രവർത്തനങ്ങൾക്കായി മതിലകം പോലീസ് സ്റ്റേഷന് തുക അനുവദിച്ചിട്ടുള്ളതും, ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കും, സ്റ്റേഷന്റെ അപ്ഗ്രഡേഷനും ആവശ്യമായ ഉപകരണങ്ങൾ/സാമഗ്രികൾ (കമ്പ്യൂട്ടർ, പ്രിന്റർ, ഹാർഡ് ഡിസ്കുകൾ തുടങ്ങിയവ) വാങ്ങുന്നതിനുമായി ചെലവഴിച്ചിട്ടുമുണ്ട്.<br><br>i) Ramp & disabled friendly Police station - 1.25 ലക്ഷം രൂപ<br>ii) Making Police Stations women & child friendly space - 2.75 ലക്ഷം രൂപ<br>iii) Upkeep and maintenance of old police stations-Upgradation to smart standards - 6.25 ലക്ഷം രൂപ |

| | | | |
|---|---|---|---|
| | | | iv) Basic Amenities to public (Non plan) - 7.75 ലക്ഷം രൂപ<br><br>4) 2020-21 സാമ്പത്തിക വർഷത്തിൽ 4 ലക്ഷം രൂപ ചെലവഴിച്ച് ഭിന്നശേഷി സൗഹൃദ ടോയ്‌ലറ്റും, 2021-22 സാമ്പത്തിക വർഷത്തിൽ 24 ലക്ഷം രൂപ ചെലവഴിച്ച് വിസിറ്റേഴ്സ് ഹാളും, പോലീസ് സ്റ്റേഷൻ എക്സ്റ്റൻഷൻ വർക്കും നടത്തിയിട്ടുണ്ട്.<br><br>**<u>കയ്പമംഗലം പോലീസ് സ്റ്റേഷൻ</u>**<br><br>1) 2018 ഓഗസ്റ്റ് 13-ാം തീയതി ആരംഭിച്ച കയ്പമംഗലം പോലീസ് സ്റ്റേഷൻ ബ്ലോക്ക് പഞ്ചായത്ത് ബിൽഡിംഗിൽ പ്രവർത്തിച്ച് വരുന്നതിനാൽ മറ്റു നിർമ്മാണ പ്രവർത്തികൾ നടത്തിയിട്ടില്ല.<br>2) സ്റ്റേറ്റ് പ്ലാൻ സ്കീം 2020-21 പ്രകാരം "Strengthening of Police Stations" എന്ന സ്കീമിൽ ഫർണിച്ചർ വാങ്ങുന്നതിനായി ഒരു ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുള്ളതും, ആയതുപയോഗിച്ച് സ്റ്റേഷന് ആവശ്യമായ ഫർണിച്ചർ വാങ്ങിയിട്ടുമുണ്ട്.<br>3) സ്റ്റേറ്റ് പ്ലാൻ സ്കീം 2020-21 പ്രകാരം "Strengthening of Police Stations" എന്ന സ്കീമിൽ സ്റ്റേഷന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനായി 2 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുള്ളതും, തുക ഉപയോഗിച്ച് കംപ്യൂട്ടർ, പ്രിന്റർ തുടങ്ങിയവ വാങ്ങിയിട്ടുമുണ്ട്.<br>4) 2025-2026 സാമ്പത്തിക വർഷത്തിൽ സ്റ്റേറ്റ് പ്ലാൻ ഫണ്ട് Strengthening of Police Station എന്ന സ്കീമിൽ 1 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും, ടി തുക ഉപയോഗിച്ച് സ്റ്റേഷന് ആവശ്യമായ ഫോട്ടോക്കോപ്പിയർ, സെർച്ച് ലൈറ്റുകൾ, എസ്.എസ്.ഡി എന്നിവ വാങ്ങിച്ചിട്ടുമുണ്ട്. |
| (ബി) | പ്രസ്തുത പോലീസ് സ്റ്റേഷനുകളിൽ മതിയായ പോലീസ് ഉദ്യോഗസ്ഥർ ഇല്ലാത്തതിനാൽ ബുദ്ധിമുട്ട് നേരിടുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | പോലീസ് സേനയിലെ അംഗബലം ഘട്ടംഘട്ടമായി വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ